സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 60 ലക്കം: 220 2025 ഡിസംബർ 10 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

വോട്ടുപിടിക്കാൻ സിപിഎം മദ്യം വിതരണം ചെയ്തെന്ന് പരാതി

കൽപറ്റ: വയനാട് തോൽപ്പെട്ടിയിൽ വോട്ടുപിടിക്കാൻ മദ്യം വിതരണം ചെയ്തതായി പരാതി. സിപിഎം പ്രവർത്തകർ രാത്രി നെടുന്തന ഉന്നതിയിൽ മദ്യം വിതരണം ചെയ്തെന്ന് ആരോപിച്ച് കോൺഗ്രസ് രംഗത്തെത്തി. പൊലീസെത്തി മൂന്ന് സിപിഎം പ്രവർത്തകരെ പിടികൂടിയെങ്കിലും മറ്റ് പ്രവർത്തകർ ചേർന്ന് ഇവരെ മോചിപ്പിച്ചെന്നാണ് വിവരം. ഇത് പ്രദേശത്ത് സംഘർഷാവസ്ഥാ സൃഷ്ടിച്ചു. പിന്നീട് സ്ഥലത്ത് തമ്പടിച്ച ഇരുഭാഗം പാർട്ടി പ്രവർത്തകരെയും പൊലീസ് ഇടപ്പെട്ട് പിന്തിരിപ്പിക്കുകയായിരുന്നുവെന്നാണ് സൂചന. സ്ഥലത്ത് ഏഴ് മണിക്ക് ശേഷം എത്തരുതെന്നായിരുന്നു പൊലീസ് നിർദേശം. എന്നാൽ ഒരു വിഭാഗം സിപിഎം പ്രവർത്തകരും സ്ഥാനാർത്ഥിയും രാത്രി എത്തിയിരുന്നു. ഇത് യുഡിഎഫ് പ്രവർത്തകർ തടയുകയായിരുന്നു. സംഘർഷാവസ്ഥ ഉണ്ടായതോടെ പൊലീസെത്തി തടയുകയായിരുന്നു. നിലവിൽ കനത്ത പൊലീസ് സുരക്ഷ ഇവിടെ ഒരുക്കിയിട്ടുണ്ട്.

അനുനയ നീക്കം പാളി; വി സി നിയമനത്തിൽ നിലപാടിലുറച്ച് ഗവർണർ

മുഖ്യമന്ത്രി നേരിട്ട് എത്താത്തതിന്റെ കാരണവും തിരക്കി

തിരു : വൈസ് ചാൻസലർ നിയമന തർക്കത്തിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുമായുള്ള സർക്കാരിന്റെ അനുനയ നീക്കം പാളി. മന്ത്രിമാരായ പി രാജീവും ആർ ബിന്ദുവും ഗവർണറെ ലോക്ഭവനിലെത്തി കണ്ടെങ്കിലും താൻ നിശ്ചയിച്ചവർ യോഗ്യരെന്ന നിലപാടിൽ ഉറച്ച് നിൽക്കുകയാണ് ഗവർണർ. ചർച്ചയ്ക്ക് മുഖ്യമന്ത്രി എത്താത്തത് എന്തുകൊണ്ടാണെന്നും ഗവർണർ മന്ത്രിമാരോട് ചോദിച്ചു.

സുപ്രീം കോടതി നിർദേശപ്രകാരമാണ് സർക്കാർ ഗവർണറുമായി അനുനയ ചർച്ച നടത്തിയത്. സംസ്ഥാനവും ഗവർണറും തമ്മിൽ സമവായത്തിലെത്തിയില്ലെങ്കിൽ സുപ്രീം കോടതി തന്നെ വി സിമാരെ നേരിട്ട് നിർദേശിക്കുമെന്ന കർശന താക്കീത് നൽകിയിരുന്നു. ജസ്റ്റിസുമാരായ ജെ ബി പർദിവാല, പ്രസന്ന ബി വരാലെ എന്നിവരടങ്ങിയ ബെഞ്ചാണ് ഇക്കാര്യം വ്യക്തമാക്കിയത്.

ഡിജിറ്റൽ - സാങ്കേതിക സർവകലാശാലകളിലെ വി സി നിയമനത്തിനായി റിട്ട വർക്ക് മൂന്നും നാലും സ്ഥാനമാണ്. സാങ്കേതിക സർവകലാശാല വി.സിയായി ഡോ. ജി ആർ ബിന്ദു, ഡോ. പ്രിയ ചന്ദ്രൻ എന്നിവരുടെ പേരുകൾ രണ്ടും മൂന്നും സ്ഥാനത്ത് മുഖ്യമന്ത്രി ഉൾപ്പെടുത്തി. എന്നാൽ, ഗവർണർ ചൂണ്ടിക്കാട്ടിയത് ഡോ. സിസ തോമസിനെയും ഡോ. പ്രിയ ചന്ദ്രനെയും നിയമിക്കണമെന്നായിരുന്നു. ഇതാണ് തർക്കത്തിന് കാരണമായത്.

യേർഡ് സുപ്രീം കോടതി ജഡ്ജി സുധാൻഷു ധൂലിയ അദ്ധ്യക്ഷനായി രണ്ട് സെർച്ച് കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. അവർ നൽകിയ പട്ടികയിൽ നിന്നുള്ള പേരുകളിലാണ് ഗവർണറും മുഖ്യമന്ത്രിയും തമ്മിലടിക്കുന്നത്. ഡിജിറ്റൽ സർവകലാശാല വിസി സ്ഥാനത്തേക്ക് മുഖ്യമന്ത്രി കൈമാറിയ പട്ടികയിൽ ഡോ. ജിൻ ജോസ്, ഡോ. പ്രിയ ചന്ദ്രൻ എന്നി

ശബരിമല സ്വർണക്കൊള്ളക്കേസ്; എസ്ഐടിക്ക് മുന്നിൽ മൊഴി നൽകാൻ രമേശ് ചെന്നിത്തല

തിരു : ശബരിമല സ്വർണക്കൊള്ളക്കേസിൽ മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പ്രത്യേക അന്വേഷണ സംഘത്തിന് (എസ്ഐടി) മുന്നിൽ മൊഴി നൽകും. അന്താരാഷ്ട്ര കള്ളക്കടത്ത് സംഘവുമായി ശബരിമല സ്വർണക്കൊള്ളയ്ക്ക് ബന്ധമുണ്ടെന്ന ചെന്നിത്തലയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് മൊഴിയെടുക്കുക.

വിഷയവുമായി ബന്ധപ്പെട്ട് മൊഴി നൽകാൻ തയ്യാറാണെന്ന് ചെന്നിത്തല എസ്ഐടിയെ അറിയിച്ചു. ഇഞ്ചക്കലിലെ ക്രൈംബ്രാഞ്ച് ആസ്ഥാനത്തെത്തിയാണ് മൊഴി നൽകുക. ഏതെങ്കിലും തരത്തിലുള്ള തെളിവുകൾ കൈമാറുമോയെന്ന കാര്യത്തിൽ വ്യക്തതയില്ല.

സ്വർണക്കൊള്ളയിൽ പുരാവസ്തു കള്ളക്കടത്ത് സംഘത്തിന്റെ ബന്ധം അന്വേഷിക്കണമെന്നും 500 കോടിയുടെ ഇടപാട് നടന്നെന്നും കാണിച്ച് നേരത്തെ രമേശ് ചെന്നിത്തല എസ്ഐടിക്ക് കത്തയച്ചിരുന്നു. കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ തയ്യാറാണ്. ഇതേക്കുറിച്ച് നേരിട്ട് അറിവുള്ള വ്യക്തിയെ അന്വേഷണവുമായി സഹകരിപ്പിക്കാം. സംസ്ഥാനത്തെ ചില വ്യവസായികൾക്കും ശബരിമല സ്വർണ്ണക്കൊള്ളയിൽ പങ്കുണ്ടെന്നും ചെന്നിത്തല കത്തിൽ ആരോപിക്കുന്നു. ഡിസംബർ 6നാണ് രമേശ് ചെന്നിത്തല പ്രത്യേക അന്വേഷണ സംഘത്തിന് കത്ത് നൽകിയത്.

'പുരാവസ്തു സാധനങ്ങൾ മോഷ്ടിച്ച് കരിഞ്ചന്തയിൽ വിൽക്കുന്ന സംഘങ്ങളെക്കുറിച്ച് നേരിട്ട് അറിയാവുന്ന വ്യക്തിയെ അറിയാം. ഇയാൾ പൊതുജനത്തിനുമുന്നിൽ വന്ന് കാര്യങ്ങൾ വെളിപ്പെടുത്താൻ തയ്യാറല്ല. എന്നാൽ അന്വേഷണ സംഘത്തോടും കോടതിയിലും വന്ന് മൊഴി നൽകാൻ തയ്യാറാണ്. ഞാൻ സ്വതന്ത്രമായി പരിശോധിച്ചാണ് ഇത്തരം കാര്യങ്ങൾ പറയുന്നത്. സംസ്ഥാനത്തെ ചില വ്യവസായികൾക്കും റാക്കറ്റുകൾക്കും സ്വർണക്കൊള്ളയുമായി ബന്ധമുണ്ട്.

ദേവസ്വം ബോർഡിലെ ചില ഉന്നതർക്ക് ഈ റാക്കറ്റുമായുള്ള ബന്ധം അന്വേഷിക്കണമെന്നും പുരാവസ്തു സംഘങ്ങൾ അന്വേഷണത്തിന്റെ പരിധിയിൽ വരണം'–രമേശ് ചെന്നിത്തല കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

അതിജീവിതയെ അപമാനിച്ച കേസ്; സന്ദീപ് വാര്യർക്ക് താൽക്കാലിക ആശ്വാസം, ഉടൻ അറസ്റ്റുണ്ടാവില്ല



തിരു: രാഹുൽ മാങ്കൂട്ടത്തിലിനെതിരായ കേസിലെ അതിജീവിതയെ സമൂഹമാദ്ധ്യമത്തിൽ അപമാനിച്ച കേസിൽ സന്ദീപ് വാര്യർക്ക് താൽക്കാലിക ആശ്വാസം. പൊലീസ് റിപ്പോർട്ട് വരുന്നത് വരെ അറസ്റ്റ് ഉണ്ടാവില്ലെന്ന് പ്രോസിക്യൂഷൻ അറിയിച്ചു. തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് കേസ് പരിഗണിച്ചത്.

പരാതിക്കാരിയുടെ ചിത്രമോ പേരോ സോഷ്യൽ മീഡിയവഴി പങ്കുവച്ചിട്ടില്ലെന്നും പണ്ടുണ്ടായിരുന്ന പോസ്റ്റ് മറ്റാരോ കേസിന് ശേഷം കുത്തിപൊക്കിയതാണെന്നുമാണ് മുൻകൂർ ജാമ്യ ഹർജിയിൽ സന്ദീപ് വാര്യർ പറയുന്നത്.

അതിജീവിതയെ പൊതുസമൂഹത്തിൽ പരിചയ പ്പെടുത്തൽ, സ്ത്രീത്വത്തെ അപമാനിക്കൽ, ഭീഷണിപ്പെടുത്തൽ എന്നീ വകുപ്പുകൾ ചേർത്താണ് കേസ് എടുത്തിട്ടുള്ളത്. ഇതേ കേസിൽ അഞ്ചാം പ്രതി രാഹുൽ ഈശ്വറിന്റെ ജാമ്യ ഹർജി കഴിഞ്ഞ ശനിയാഴ്ച അഡിഷണൽ ചീഫ് ജുഡീഷ്യൽ മാജിസ്ട്രേറ്റ് കോടതി തള്ളിയിരുന്നു.

തനിക്കെതിരെ ഉയർന്നുവന്ന സൈബർ പരാതി രാഷ്ട്രീയ പ്രേരിതമാണെന്ന് ആവർത്തിച്ച് കോൺഗ്രസ് നേതാവ് സന്ദീപ് വാര്യർ മുഖ്യമന്ത്രിക്ക് പരാതി നൽകിയിരുന്നു. ഇ മെയിലിലൂടെയാണ് പരാതി അയച്ചത്. യുവതിയുടെ വിവാഹദിവസമാണ് അവർക്കൊപ്പം നിന്ന് ചിത്രം എടുത്തത്. ചിത്രം സോഷ്യൽ മീഡിയയിൽ പങ്കുവച്ച സമയത്ത് രാഹുലിനെതിരെ യുവതി പരാതി നൽകിയിരുന്നില്ല. യുവതിയുടെ ചിത്രം ദുരുപയോഗം ചെയ്യുന്നുവെന്ന് അറിഞ്ഞപ്പോൾ അത് സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ നിന്ന് നീക്കം ചെയ്തുവെന്നും സന്ദീപ് വാര്യർ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ പറയുന്നുണ്ട്.

പോളിങ് ഉയർന്നില്ല; അന്തിമ വോട്ടിങ് കണക്ക് പുറത്ത്, ആദ്യ ഘട്ടത്തിൽ 70.91 ശതമാനം

തിരു : തദ്ദേശ തെരഞ്ഞെടുപ്പിൽ ആദ്യഘട്ട വോട്ടെടുപ്പ് നടന്ന ജില്ലകളിലെ അന്തിമ കണക്ക് പുറത്ത്. ഏഴ് ജില്ലകളിൽ നടന്ന ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുപ്പ് കമീഷന്റെ അന്തിമ കണക്കിൽ 70.91 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. 2020ൽ സംസ്ഥാനത്താകെ 75.95 ശതമാനമായിരുന്നു പോളിങ്.

കൂടുതൽ പോളിങ് രേഖപ്പെടുത്തിയത് എറണാകുളത്തും 74.57 (കഴിഞ്ഞ തവണ 77.28), കുറവ് പത്തനംതിട്ടയിലുമാണ് 66.78 (കഴിഞ്ഞതവണ 69.72). കോർപറേഷനുകളിൽ കുറവ് പോളിങ് തിരുവനന്തപുരത്താണ്. ഒറ്റപ്പെട്ട അനിഷ്ട സംഭവങ്ങളുണ്ടായതൊഴിച്ചാൽ വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളാണ് ഒന്നാംഘട്ടം വിധിയെഴുതിയത്.

സ്ഥാനാർഥികൾ മരിച്ചതിനെ തുടർന്ന് തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർ വാർഡുകളിൽ വോട്ടെടുപ്പ് റദ്ദാക്കി. ഇവിടങ്ങളിൽ വോട്ടെടുപ്പ് പിന്നീട് നടക്കും. ഇതൊഴികെ 593 തദ്ദേശ സ്ഥാപനങ്ങളിലേക്കാണ് ഒന്നാംഘട്ടം തെരഞ്ഞെടുപ്പ് നടന്നത്. രണ്ടാംഘട്ടം ഏഴ് വടക്കൽ ജില്ലകളിൽ വ്യാഴാഴ്ച വോട്ടെടുപ്പ് നടക്കും. 13നാണ് വോട്ടെണ്ണൽ.

ഏഴ് ജില്ലകളിലെ പോളിങ് ശതമാനത്തിൽ (ബ്രാക്കറ്റിൽ 2020ലെ ശതമാനം)

തിരുവനന്തപുരം 67.47 (70.2) കൊല്ലം 70.35 (73.51) പത്തനംതിട്ട 66.78 (69.72) ആലപ്പുഴ 73.80 (77.39) കോട്ടയം 70.86 (73.95) ഇടുക്കി 71.78 (74.68). എറണാകുളം 74.57 (77.28) കോർപറേഷൻ പോളിങ് (ശതമാനത്തിൽ) തിരുവനന്തപുരം 58.24 കൊല്ലം 63.32 എറണാകുളം 62.52.

മൃതദേഹം തിരിച്ചറിഞ്ഞു

തൃശൂർ: ചെറുതുരുത്തി നടുമ്പുര ക്ഷേത്രക്കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തിയ സ്ത്രീയുടെ മൃതദേഹം തിരിച്ചറിഞ്ഞു. നെടുമ്പുര പൊട്ടിക്കുണ്ടിൽ നബീസയുടെ മകൾ റുഫൈദയാണ് മരിച്ചത്.

സ്വർണ്ണവില ഉയർന്നു

തൃശൂർ: സംസ്ഥാനത്ത് സ്വർണ്ണവില ഉയർന്നു. ഗ്രാമിന് 80 രൂപയും പവന് 640 രൂപയുമാണ് കൂടിയത്. ഇതോടെ ഒരു ഗ്രാമിന് 11945 രൂപയും പവന് 95560 രൂപയുമായി. 18 ക്യാരറ്റിന് ഗ്രാമിന് 65 രൂപ കൂടി 9825 രൂപയും 14 ക്യാരറ്റിന് 50 രൂപ കൂടിയും 7650 രൂപയുമായി.

റഷ്യയിൽ രഹസ്യ കൂടിക്കാഴ്ച നടത്തി അദാനി ഡിഫൻസ്, ഭാരത് ഫോർജ് തുടങ്ങിയ വമ്പന്മാർ; നിർണായക നീക്കം



ന്യൂഡൽഹി: അദാനി ഡിഫൻസ്, ഭാരത് ഫോർജ് എന്നിവയുൾപ്പെടെ ഇന്ത്യയിലെ മുൻനിര ആയുധ നിർമ്മാതാക്കൾ റഷ്യയിൽ നടന്ന യോഗങ്ങളിൽ പങ്കെടുത്തതായി റിപ്പോർട്ട്. ഇന്ത്യയിലെ അര ഡസനോളം കമ്പനികൾ ഇത്തരത്തിൽ നിർണായക യോഗങ്ങളിൽ പങ്കെടുത്തതായാണ് വിവരം. ഇതുസംബന്ധിച്ചുള്ള റിപ്പോർട്ടുകളൊന്നും നേരത്തെ പുറത്തുവന്നിരുന്നില്ല.

2022ൽ റഷ്യ– യുക്രെയ്ൻ യുദ്ധം ആരംഭിച്ചതിനുശേഷം ഇന്ത്യയുടെ പ്രതിരോധ ബിസിനസ് ചക്രവർത്തിമാരുടെ ആദ്യ റഷ്യ സന്ദർശന വേളയിലാണ് കൂടിക്കാഴ്ചകൾ നടന്നത്. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിൻ ഡിസംബർ നാലിനും അഞ്ചിനും ഇന്ത്യൻ സന്ദർശനം നടത്തിയിരുന്നു. ഇതിന് മുന്നോടിയായി ഒക്ടോബർ 29, 30 ദിവസങ്ങളിൽ പ്രതിരോധ നിർമാണ സെക്രട്ടറി സഞ്ജീവ് കുമാറിന്റെ നേതൃത്വത്തിലാണ് കൂടിക്കാഴ്ചകൾ നടന്നത്. സംയുക്ത ആയുധ നിർമാണത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് റഷ്യയുമായി പതിറ്റാണ്ടുകൾ പഴക്കുള്ള പ്രതിരോധ ബന്ധം ഊട്ടിയുറപ്പിക്കുകയാണ് ഇന്ത്യയുടെ ലക്ഷ്യം. ഇന്ത്യൻ സൈനികരുടെ പക്കലുള്ള ആയുധങ്ങളിൽ 36 ശതമാനവും റഷ്യൻ നിർമിതമാണ്.

മിക്കോയാൻ മിഗ്–29 യുദ്ധവിമാനത്തിന്റെയും മറ്റ് റഷ്യൻ നിർമ്മിത വ്യോമ പ്രതിരോധ, ആയുധ സംവിധാനങ്ങളുടെയും സ്പെയറുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചുമാണ് കൂടിക്കാഴ്ചയിൽ പ്രധാനമായും ചർച്ച ചെയ്തതെന്നാണ് വിവരം. റഷ്യയിലേയ്ക്ക് കയറ്റുമതി ചെയ്യാൻ സാദ്ധ്യതയുള്ള ഉപകരണങ്ങളുടെ വികസനത്തിനായി ഇന്ത്യയിൽ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കാനുള്ള റഷ്യൻ നിർദ്ദേശത്തെക്കുറിച്ചും യോഗങ്ങൾ ചർച്ച ചെയ്തതായും റിപ്പോർട്ടുണ്ട്. അതേസമയം, ഇന്ത്യയ്ക്ക് അതീവ നിർണായകമായ സൈനിക സാങ്കേതിക വിദ്യകൾ കൈമാറുന്നതിലെ പ്രധാന തടസം റഷ്യയുമായുള്ള പ്രതിരോധ ബന്ധമാണെന്ന് പാശ്ചാത്യ നയതന്ത്രജ്ഞർ നേരത്തെ അഭിപ്രായപ്പെട്ടിരുന്നു.

നടിയെ ആക്രമിച്ച കേസ്; വിധി ചോർന്നെന്ന് ആരോപണം, ഒരാഴ്ച മുൻപ് ലഭിച്ച ഊമക്കത്തിൽ പറഞ്ഞത്

കൊച്ചി: യുവനടിയെ ആക്രമിച്ച കേസിലെ വിചാരണക്കോടതി വിധി ചോർന്നതായി ഹൈക്കോടതി അഭിഭാഷക അസോസിയേഷൻ പ്രസിഡന്റ് അഡ്വ. യശ്വന്ത് ഷേണായി. ഇതുസംബന്ധിച്ച് യശ്വന്ത് ഷേണായി ഹൈക്കോടതി ചീഫ് ജസ്റ്റിസിന് കത്ത് നൽകിയിട്ടുണ്ട്. ഗൂഢാലോചന കുറ്റം ആരോപിക്കപ്പെട്ട എട്ടാം പ്രതി ദിലീപിനെ കുറ്റവിമുക്തനാക്കിയ വിധിയാണ് നേരത്തെ ചോർന്നതെന്നാണ് വിവരം.

കേസിൽ വിധി വരുന്നതിന് ഒരാഴ്ച മുൻപ് സംഘടനയ്ക്ക് ഊമക്കത്ത് ലഭിച്ചെന്നും കത്തിലെ വിവരങ്ങൾ വിധിയുമായി സാമ്യമുള്ളതാണെന്നും ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്നും യശ്വന്ത് ഷേണായി ആവശ്യപ്പെട്ടു. ഊമക്കത്തിന്റെ പകർപ്പ് അടക്കം ചീഫ് ജസ്റ്റിസിന് കൈമാറിയിട്ടുണ്ട്.

ഒന്നാംപ്രതി പൾസർ സുനി അടക്കം 6പേരെ കുറ്റക്കാരായി കണ്ടെത്തിയ വിധിയുടെ ഉള്ളടക്കം വിധി പ്രഖ്യാപിക്കും മുൻപ് ഊമക്കത്തായി ലഭിച്ചെന്നാണ് പരാതി. ഡിസംബർ 8ന് വിധി പറയുന്ന കേസിൽ ഏഴാം പ്രതി ചാർളി തോമസ്, എട്ടാം പ്രതി ദിലീപ്, ഒമ്പതാം പ്രതി സനിൽകുമാർ എന്നിവരെ ഒഴിവാക്കുമെന്നും ഊമക്കത്തിൽ പറയുന്നുവെന്നാണ് വിവരം. വിധി ചോർന്നോയെന്ന് അന്വേഷിക്കണമെന്നും കത്തിന്റെ ഉറവിടം കണ്ടെത്തണമെന്നും അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ഷാഫിയെ സി പി എം ടാർഗറ്റ് ചെയ്യുന്നു: സണ്ണി ജോസഫ്

കണ്ണൂർ: കോൺഗ്രസിന്റെ വടകരയിലെ വിജയം സി. പി. എമ്മിനെ ഭയപ്പെടുത്തിയതായും ഷാഫി പറമ്പിലിനെ അവർ ടാർഗറ്റുചെയ്യുന്നതായും കെ.പി.സി.സി പ്രസിഡന്റ് അഡ്വ. സണ്ണി ജോസഫ്. 'ഷാഫിയുടെ വടകരയിലെ സ്ഥാനാർഥിത്വം അവരെ ഭയപ്പെടുത്തി. അന്ന് കാഫിർ സ്ക്രീൻഷോട്ട് നമ്മൾ കണ്ടതല്ലേ? പേരാമ്പ്രയിൽ പൊലീസ് ഷാഫിയെ ആക്രമിച്ചു, എന്നിട്ട് ഷാഫിയുടെ പേരിൽ കള്ളക്കേസ് എടുത്തു. പാലക്കാട്ടെ വിജയത്തിന്റെ ഉത്തരവാദി ഷാഫി ആണെന്ന് എല്ലാവർക്കും അറിയാം. തിളങ്ങി നിൽക്കുന്ന യുവജന നേതാവിനെ, പ്രതീക്ഷ നൽകുന്ന യുവജന നേതാവിനെ ഏതെങ്കിലും തരത്തിൽ ക്ഷീണിപ്പിക്കാൻ അവർ പരിശ്രമിക്കും. പക്ഷേ, കോൺഗ്രസിന്റെയും ജനങ്ങളുടെയും കൂടുതൽ പിന്തുണ ലഭിച്ചുകൊണ്ടാണ് ഷാഫി മുന്നേറുന്നത്' –ഒരു അഭിമുഖത്തിൽ സണ്ണി ജോസഫ് പറഞ്ഞു.

മാത്യു കുഴൽനാടൻ പറയുന്നത് പോലെ കോൺഗ്രസിൽ സെലബ്രിറ്റി ലീഡേഴ്സ് ഉണ്ടെന്നും അദ്ദേഹം പറഞ്ഞു. കുഴൽനാടൻ ഉൾപ്പെടെയുള്ളവർ ഇത്തരത്തിൽ ഉള്ളവരാണെന്നും ഇവർ പാർട്ടിക്ക് മുതൽകൂട്ടാവുമെന്നും സണ്ണിജോസഫ് പ്രതികരിച്ചു. 'നിയമസഭാ തെരഞ്ഞെടുപ്പിലെ സ്ട്രാറ്റജി ഇപ്പോൾ ആലോചിച്ചിട്ടില്ല. ഇപ്പോൾ പഞ്ചായത്ത് ഇലക്ഷൻ ആണല്ലോ.

ഇതിലെ സ്ട്രാറ്റജി കഴിയുമ്പോൾ നിയമസഭാ തെരഞ്ഞെടുപ്പിന് അതിന്റേതായ സ്ട്രാറ്റജി രൂപീകരിച്ചുകൊണ്ട് നല്ല സ്ഥാനാർത്ഥികളെ നിശ്ചയിക്കും' –അദ്ദേഹം വ്യക്തമാക്കി.

സവർക്കർ പുരസ്കാരം ഏറ്റുവാങ്ങില്ലെന്ന് ശശി തരൂർ, എത്തുമെന്ന് ഉറപ്പ് നൽകിയതായി സംഘാടകർ



ന്യൂഡൽഹി: വീര സവർക്കർ പുരസ്കാരം ശശി തരൂർ ഏറ്റുവാങ്ങില്ലെന്ന് അദ്ദേഹത്തിന്റെ ഓഫീസ്. തരൂരോ അദ്ദേഹത്തിന്റെ ഓഫീസോ അറിയാതെയാണ് ഇത്തരമൊരു പുരസ്കാരം പ്രഖ്യാപിച്ചതെന്നും തരൂരിന്റെ ഓഫീസ് സ്ഥിരീകരിച്ചു. അദ്ദേഹം മറ്റൊരു പരിപാടിയിൽ പങ്കെടുക്കാനായി ഇന്ന് കൊൽക്കത്തയിലേക്ക് പോകുമെന്നും ഓഫീസ് വ്യക്തമാക്കി. ഇതേക്കുറിച്ച് വ്യക്തമാക്കി ശശി തരൂർ ഫേസ്ബുക്കിൽ പോസ്റ്റിട്ടിരുന്നു.

എച്ച്ആർഡിഎസ് ഇന്ത്യയുടെ പ്രഥമ സവർക്കർ പുരസ്കാരം കോൺഗ്രസ് എംപിയായ ശശി തരൂരിന് നൽകുമെന്നായിരുന്നു സംഘാടകർ പ്രഖ്യാപിച്ചിരുന്നത്. ന്യൂഡൽഹി എൻഡിഎംസി കൺവെൻഷൻ സെന്ററിൽ ഇന്ന് നടക്കുന്ന ചടങ്ങിൽ പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗാണ് അവാർഡ് സമ്മാനിക്കുന്നത്.

തരൂരിനെ കൂടാതെ മറ്റ് അഞ്ചുപേർക്കാണ് പുരസ്കാരം പ്രഖ്യാപിച്ചിരുന്നത്. പൊതുസേവനത്തിലും സാമൂഹിക രാഷ്ട്രീയ രംഗത്തും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വിവിധ മേഖലകളിലെ പ്രഗത്ഭ വ്യക്തികൾക്കാണ് പുരസ്കാരം നൽകുന്നത്. ദേശീയ, ആഗോള തലങ്ങളിലെ ഇടപെടലുകളാലാണ് തരൂരിനെ പുരസ്കാരത്തിന് തിരഞ്ഞെടുത്തതെന്ന് എച്ച്ആർഡിഎസ് അറിയിച്ചിരുന്നു. പരിപാടിയിൽ എത്തുമെന്ന് തരൂർ ഉറപ്പ് നൽകിയതായാണ് സംഘാടകർ പറയുന്നത്.ശശി തരൂർ പുരസ്കാരം ഏറ്റുവാങ്ങുന്നതിൽ കോൺഗ്രസ് കടുത്ത എതിർപ്പ് നേരത്തേ അറിയിച്ചിരുന്നു.

ഫിഫ രാഷ്ട്രീയ നിഷ്പക്ഷത നിയമം ലംഘിച്ചു; പ്രഥമ സമാധാന പുരസ്കാരം ട്രംപിന് നൽകിയതിനെതിരെ പരാതി

വാഷിങ്ടൺ: ഫിഫയുടെ പ്രഥമ സമാധാന പുരസ്കാരം അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിന് നൽകിയതിനെതിരെ വിമർശനം ശക്തമാകുന്നു. രാഷ്ട്രീയ നിഷ്പക്ഷത പാലിക്കണമെന്ന ലോക ഫുട്ബാൾ ഭരണസമിതിയുടെ തന്നെ ചട്ടം മറികടന്നാണ് ഫിഫ പ്രസിഡൻറ് ജിയാന്നി ഇൻഫാന്റിനോ ട്രംപിന് പുരസ്കാരം സമ്മാനിച്ചതെന്നാണ് ആരോപണം. ഇതുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ സംഘടനയാ 'ഫയർസ്കയർ' ഫിഫ എത്തിക്സ് കമ്മിറ്റിക്ക് പരാതി നൽകി.

ഫിഫയുടെ നിഷ്പക്ഷ നയവുമായി ബന്ധപ്പെട്ട് ഇൻഫാന്റിനോ നാലു നിയമലംഘനങ്ങൾ നടത്തിയതായി ഫയർസ്കയർ പരാതിയിൽ പറയുന്നു. അധികാരത്തിലിരിക്കുന്ന ഒരു രാഷ്ട്രീയ നേതാവിന് ഇത്തരമൊരു പുരസ്കാരം നൽകുന്നത് ഫിഫയുടെ നിഷ്പക്ഷത നിയമത്തിന്റെ വ്യക്തമായ ലംഘനമാണെന്ന് സംഘടന കുറ്റപ്പെടുത്തി. സംഘടനയുടെ ലക്ഷ്യങ്ങളിലും നയങ്ങളിലും ഏകപക്ഷീയമായി തീരുമാനമെടുക്കാൻ പ്രസിഡൻറിന് അധികാരമില്ലെന്നും സംഘടന വ്യക്തമാക്കി. കഴിഞ്ഞദിവസം വാഷിങ്ടണിലെ പ്രശസ്തമായ കെന്നഡി സെന്ററിൽ നടന്ന ലോകകപ്പ് നറുക്കെടുപ്പ് വേദിയിലാണ് ഇൻഫാന്റിനോ ട്രംപിന് പുരസ്കാരം സമ്മാനിച്ചത്.

മെഡലും ട്രോഫിയും അടങ്ങുന്നതാണ് പുരസ്കാരം. ലോകത്തെ വിവിധ യുദ്ധങ്ങൾ അവസാനിപ്പിക്കുകയും സമാധാനം പുനസ്ഥാപിക്കുകയും ചെയ്തതിന്റെ അംഗീകാരമായാണ് പീസ് പ്രൈസ് ട്രംപിന് സമ്മാനിക്കുന്നതെന്ന് ഇൻഫാന്റിനോ പറഞ്ഞു. ജീവിതത്തിലെ വലിയ ബഹുമതികളിലൊന്നാണ് ഈ പുരസ്കാരമെന്ന് ട്രംപ് പ്രതികരിച്ചിരുന്നു. ട്രംപും ഇൻഫാന്റിനോയും അടുത്ത സുഹൃത്തുക്കളാണ്. ഗസ്സ വെടിനിർത്തൽ കരാറിനുള്ള ട്രംപിന്റെ ശ്രമങ്ങൾക്ക് നൊബേൽ ലഭിക്കേണ്ടതായിരുന്നുവെന്ന് അടുത്ത അനുയായി കൂടിയായ ഇൻഫാന്റിനോ മുമ്പ് പറഞ്ഞിരുന്നു.

ട്രംപിന്റെ രാഷ്ട്രീയ നയങ്ങളെ പിന്തുണക്കുന്ന നിലപാടുകൾ നേരത്തെയും ഇൻഫാൻറിനോ സ്വീകരിച്ചിരുന്നു. ആഗോള സമാധാനവും ഐക്യവും മുന്നോട്ട് കൊണ്ടുപോകുന്ന വ്യക്തികളെ അംഗീകരിക്കുന്നതിനായാണ് ഫിഫ സമാധാനം പുരസ്കാരം നൽകുന്നത്.

കഴിഞ്ഞ നവംബറിലാണ് പുരസ്കാരം നൽകുന്ന കാര്യം ഫിഫ പ്രഖ്യാപിച്ചത്. അമേരിക്ക, കാനഡ, മെക്സിക്കോ എന്നീ മൂന്ന് രാജ്യങ്ങൾ ചേർന്ന് ആതിഥേയത്വം വഹിക്കുന്ന വരാനിരിക്കുന്ന ലോകകപ്പിന്റെ പശ്ചാത്തലത്തിൽ കൂടിയാണ് ട്രംപിന് അവാർഡ് നൽകിയതെന്നും വിമർശനമുണ്ട്.

തൃശൂരിലും തിരുവനന്തപുരത്തും വോട്ട്; സുരേഷ് ഗോപ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഐഐഎം കോഴിക്കോട് ചെയർമാൻ പദവി ലഭിച്ച വി പി നന്ദകുമാറിനെ ആദരിച്ചു

വലപ്പാട്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ നടന്ന ഇക്കിഗായ് 25 യൂത്ത് കോൺക്ലേവിൽ മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി പി നന്ദകുമാറിനെ ആദരിച്ചു. കോഴിക്കോട് ഐഐഎം ചെയർമാൻ പദവി ലഭിച്ചതിനായിരുന്നു ആദരം. നേരത്തേ ഐഐഎം ഡയറക്ടർ ബോർഡംഗമായിരുന്നു. ലവ് യു സിന്ദഗി എന്ന പേരിൽ ക്രൈസ്റ്റ് കോളേജിലെ കാത്തലിക് സ്റ്റുഡന്റ്സ് അസോസിയേഷൻ സംഘടിപ്പിച്ച പരിപാടി വി പി നന്ദകുമാറാണ് നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തത്.

കോളേജ് മാനേജർ റവ.ഫാദർ ജോയ് പീണിക്കാപ്പറമ്പിൽ സിഎംഐ അനുഗ്രഹ പ്രഭാഷണം നടത്തി. പ്രിൻസിപ്പൽ റവ.ഫാദർ ഡോ.ജോളി ആൻഡ്രൂസ് സിഎംഐ ആശംസാ സന്ദേശം നൽകി. സെന്റ് തോമസ് കോളേജ് വൈസ് പ്രിൻസിപ്പൽ റവ.ഫാദർ ഡോ.അനിൽ ജോർജ്ജ് കോൺകോത്ത്, കോളേജ് ചെയർ പേഴ്സൺ ഫാത്തിമ യു എസ് എന്നിവർ ആശംസകളർപ്പിച്ചു. വി പി നന്ദകുമാറിന്റെ സേവനങ്ങളെ പ്രസംഗകർ പ്രകീർത്തിച്ചു. ജെബിൻ കെ ഡേവിസ് സ്വാഗതവും കാത്തലിക് സ്റ്റുഡന്റ്സ് അസോസി,ഷേൻ പ്രസിഡന്റ് അന്ന മരിയ ബിജു നന്ദിയും പറഞ്ഞു. റീ ഡിസ്കവർ സെഷനിൽ സംസാരിച്ച ജോസഫ് അന്നംകുട്ടി ജോസിനേയും ചടങ്ങിൽ ആദരിച്ചു.

അൺചാർട്ടഡ് ബാക്പാക്ക് ചിത്രനും ഫൈൻഡിംഗ് യു വർ ഇക്കിഗായ് ഡോക്ടർ അരുൺ ബാലകൃഷ്ണനും അവതരിപ്പിച്ചു. . ആരോഗ്യം നില നിർത്തുന്നതിന് ശരീരം സംരക്ഷിക്കേണ്ടിനെക്കുറിച്ച് ക്രൈസ്റ്റ് കോളേജ് കായിക വിഭാഗത്തിന്റെ സോദാഹരണ അവതരണവും ഉണ്ടായിരുന്നു. കാലത്ത് 10 മണിക്കാരംഭിച്ച വിവിധ സെഷനുകൾ വൈകിട്ടാണ് സമാപിച്ചത്.

തദ്ദേശ തിരഞ്ഞെടുപ്പ്; മുന്നൊരുക്കങ്ങൾ വിലയിരുത്തി

തൃശൂർ: തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ അവസാന ഘട്ട മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യന്റെ അധ്യക്ഷതയിൽ തൃശ്ശൂർ ജില്ലയിലെ തദ്ദേശ തിരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച പൊതുനിരീക്ഷകൻ ആർ. സുജിത്തിന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നു.

യോഗത്തിൽ തിരഞ്ഞെടുപ്പിന് ആവശ്യമായ ഉദ്യോഗസ്ഥരുടെയും വാഹനങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും ക്രമീകരണങ്ങൾ വിലയിരുത്തി. പോളിംഗ് ബൂത്തിലെ സുരക്ഷാ ക്രമീകരണം, വെബ്കാസ്റ്റിംഗ്, ഗ്രീൻ പ്രോട്ടോക്കോൾ, പോസ്റ്റൽ ബാലറ്റ് എന്നിവയുടെ ക്രമീകരണങ്ങളും വോട്ടണ്ണൽ കേന്ദ്രങ്ങളിലെ ക്രമീകരണങ്ങളും യോഗത്തിൽ വിലയിരുത്തി. വോട്ടിങ് മെഷീനുകളും പോളിങ് സാമഗ്രികളും ഇന്ന് രാവിലെ 9.30 മുതൽ വിതരണ കേന്ദ്രങ്ങളിൽ നിന്നും ഉദ്യോഗസ്ഥർക്ക് കൈമാറി.

കളക്ട്രേറ്റ് എക്സി. ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ പോലീസ് മേധാവിമാരായ നകുൽ രാജേന്ദ്ര ദേശ്മുഖ്, ബി. കൃഷ്ണകുമാർ, സബ് കളക്ടർ അഖിൽ വി. മേനോൻ, അസി. കളക്ടർ സ്വാതി മോഹൻ റാത്തോഡ്, എ.ഡി.എം ടി. മുരളി, ഡെപ്യൂട്ടി കളക്ടർ ഇലക്ഷൻ കെ. കൃഷ്ണകുമാർ, വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയുള്ള റിട്ടേണിംഗ് ഓഫീസർമാർ, വിവിധ നോഡൽ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ സീനിയർ ലളിതഗാന വിഭാഗത്തിൽ ഉയർന്ന മാർക്കോടെ എ ഗ്രേഡ് കരസ്തമാക്കിയ ചാരുദത്ത്. നിപ്മർ ഒട്ടിസം സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥിയാണ്. കൊടുങ്ങല്ലൂർ സ്വദേശി സനൽ കുമാറിന്റെയും സുചിതയുടെയും മകനാണ്.

ജോൺസൻ സ്മൃതി ഗാന സന്ധ്യ:

തൃശൂർ: പ്രശസ്ത സംഗീത സംവിധായകനും, സംസ്ഥാന ദേശീയ അവാർഡ് ജേതാവുമായ തൃശൂരിന്റെ സ്വന്തം ജോൺസൻ മാസ്റ്ററുടെ; പതിനാലാം ഓർമ്മ ദിനാചരണം 13ന്. അന്ന് വൈകീട്ട് 5.30 ന് തൃശൂർ റീജിയണൽ തിയേറ്ററിലെ സ്മൃതി സന്ധ്യയിൽ ജോൺസൻ മാസ്റ്ററുടെ തിരഞ്ഞെടുത്ത ഗാനങ്ങളുടെ ആലാപനം, പശ്ചാത്തല സംഗീതാവിഷ്കാരം എന്നിവ നടക്കും. ജോൺസൻ ഫൗണ്ടേഷന്റെ നേതൃത്വത്തിലാണ് പരിപാടികൾ .

സ്മൃതി സന്ധ്യാ ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ സിബി മലയിൽ, സത്യൻ അന്തിക്കാട്, സംഗീത സംവിധായകൻ ഔസേപ്പച്ചൻ, കാരിക്കേച്ചറിസ്റ്റ് ജയരാജ് വാര്യർ തുടങ്ങിയവർ പങ്കെടുക്കും. ജോൺസൻ മാസ്റ്റർസ്മൃതി സംസ്ഥാന തല ഗാനാലാപന മത്സരത്തിലെ ഒന്ന് രണ്ട്, മൂന്ന് സ്ഥാനവിജയികൾക്ക് ക്വാഷ് അവാർഡുകളും മെമൊന്റോകളും സമ്മാനിക്കും.

വരദനന്ദകുമാർ-തൃശൂർ, അഭിരാമിതം.- തൃശൂർ, വൈഗ പ്രസാദ് - കോതമംഗലം എന്നിവരാണ് വിജയികൾ. യഥാക്രമം 15000 രൂപ 10000/- 5000. രൂപ വീതമാണ് ക്വാഷ്അവാർഡ്

ഗാനസന്ധ്യയിൽ പിന്നണി ഗായകരായ കെ.കെ.നിഷാദ്, നിത്യാമാമ്മൻ/മത്സരവിജയികൾ, വയലിനിസ്റ്റ് ചാക്കോ തട്ടിൽ, ജയരാജ്വാര്യർ പങ്കെടുക്കും.പ്രവേശനം സൗജന്യം.

പരിപാടികൾ വിശദീകരിച്ച വാർത്താ സമ്മേളനത്തിൽ സംഘാടക സമിതി ഭാരവാഹികളായ ജയരാജ് വാര്യർ, ഐ.പി. പോൾ/ചാക്കോ തട്ടിൽ വിൽസൻ ഇ ഡി. പങ്കെടുത്തു.

സുരക്ഷിത ജീവിതത്തിന് കരുതലോടെ നയിക്കാൻ യു.ഡി.എഫ്.ഭരണത്തിന് അവസരം വേണം

ചൂണ്ടൽ: പാർശ്വവൽക്കരിക്കപ്പെട്ടവരെയും നിരാലംബരെയും ചേർത്ത് കരുതലോടെ സുരക്ഷിതമായ ജീവിതം ഒരുക്കാൻ പ്രാദേശിക തലത്തിൽ യു.ഡി.എഫ്. ഭരണാധികാരികൾ വരേണ്ടതിന്റെ ആവശ്യകത ഇനി ജനങ്ങൾ വ്യക്തമായി തിരിച്ചറിയുകയാണെന്ന് മുസ്ലീം ലീഗ് ദേശീയ സമിതി അംഗം കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

ചൊവ്വന്നൂർ പഞ്ചായത്തിലെ പുതുശ്ശേരി,കാണിപ്പയ്യൂർ,പഴുന്നാന മേഖലകളിലെ ജില്ലാ,ബ്ലോക്ക്,പഞ്ചായത്ത് സ്ഥാനാർത്ഥികളുടെ വിജയത്തിനായി പുതുശ്ശേരി പി.കെ.ഗോപാലൻ നഗരിൽ സംഘടിപ്പിച്ച യു.ഡി.എഫ്.കുടുംബ സംഗമത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

തിരഞ്ഞെടുപ്പ് കമ്മിറ്റി മേഖല ചെയർമാൻ വി.കെ.രമേശൻ അദ്ധ്യക്ഷത വഹിച്ചു.കോൺഗ്രസ് നേതാവ് വി.എം.സുധീരൻ പരിപാടി ഉദ്ഘാടനം ചെയ്തു.

ഡി.സി.സി.സെക്രട്ടറി അഡ്വ: ടി.എസ്.അജിത്,തെരഞ്ഞെടുപ്പ് കമ്മിറ്റി മേഖല കൺവീനർ കെ. ബി.ലതീഷ്,പഞ്ചായത്ത് സ്ഥാനാർത്ഥികളായ സി.പി.ജോസ്,ജിൻസി ലിജോ,ഷാജൻ മാണി,ഐശ്വര്യ കെ., എം. യു. അഷറഫ്,എ.എം. നിതീഷ്,എം.സി.തമ്പി ബ്ലോക്ക് സ്ഥാനാർത്ഥി വി.എസ്.സുജിത്ത്, ജില്ലാ സ്ഥാനാർത്ഥി ലീല രാമകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

ദേശീയ ഷോബുക്കാൻ കരാട്ടെ ചാമ്പ്യൻഷിപ്പിൽ മണപ്പുറം ഗീത രവി പബ്ലിക് സ്കൂളിന് അഭിമാനനേട്ടം

വലപ്പാട്: 2025 ഡിസംബർ 7-ന് കന്യാകുമാരിയിലെ തിരുത്തുപ്പുറത്തെ സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന 21-ാം നാഷണൽ ഓപ്പൺ ഷോബുക്കാൻ കരാട്ടെ ചാമ്പ്യൻഷിപ്പിൽ മണപ്പുറം ഗീത രവി പബ്ലിക് സ്കൂൾ ശ്രദ്ധേയ വിജയം കൈവരിച്ചു. സ്കൂൾ വിദ്യാർത്ഥികൾ കുമിതെയിൽ 8 സ്വർണം, 2 വെള്ളി, 2 വെങ്കലം, കത്തയിൽ 3 സ്വർണം, 2 വെള്ളി, 5 വെങ്കലം എന്നിവ നേടി മൊത്തം 20 മെഡലുകൾ കരസ്ഥമാക്കി . ദേശീയതലത്തിൽ സ്കൂളിന്റെ മികവ് തെളിയിച്ചു.

വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിരിക്കുന്നത് സെൻസായ് ബാബു കോട്ടോളി, 5വേ ഡാൻ ബ്ലാക്ക് ബെൽറ്റ് (JSKA) ആണ്.

ഷോബുക്കാൻ കരാട്ടെ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടന്ന മത്സരത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മത്സരാർത്ഥികളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. തുടർച്ചയായി ഇന്റർനാഷണൽ, നാഷണൽ തലങ്ങളിൽ മികവ് തെളിയിക്കാൻ കഴിഞ്ഞ വിദ്യാർത്ഥികളെ സ്കൂൾ ഭരണസമിതി ഈ വിജയത്തിൽ അഭിനനന്ദിച്ചു.

യുഎസ് താരിഫ് ഏർപ്പെടുത്തിയതിന് കാരണം റഷ്യൻ എണ്ണയല്ല, ട്രംപ് പറഞ്ഞത് അംഗീകരിക്കാത്തത്: രഘുറാം രാജൻ

സൂറിച്ച്: ഇന്ത്യക്കുമേൽ അമേരിക്ക പിഴച്ചുങ്കം ഏർപ്പെടുത്തിയതിന് പിന്നിൽ റഷ്യൻ എണ്ണ കാരണമായിരുന്നില്ലെന്ന് റിസർവ് ബാങ്ക് മുൻ ഗവർണറും സാമ്പത്തിക വിദഗ്ദനുമായ രഘുറാം രാജൻ. ഡൊണാൾഡ് ട്രംപ് ഭരണകൂടം ഇന്ത്യൻ ഉത്പന്നങ്ങൾക്ക് ഏർപ്പെടുത്തിയ 50% താരിഫിന് റഷ്യൻ എണ്ണ ഇറക്കുമതി കാരണമായിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. ഓപ്പറേഷൻ സിന്ദൂറിന് ശേഷം പാകിസ്താനുമായുള്ള സൈനിക വെടിനിർത്തലിനെക്കുറിച്ച് അമേരിക്കൻ പ്രസിഡന്റ് നടത്തിയ പരാമർശങ്ങളും കേന്ദ്ര സർക്കാർ അത് കൈകാര്യം ചെയ്ത രീതിയുമാണ് ഇതിന് കാരണമായി രഘുറാം രാജൻ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

സൂറിച്ച് സർവകലാശാലയിൽ ഒരു ചടങ്ങിൽ സംസാരിക്കവേയാണ് അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ. ട്രംപിന്റെ വാദം അംഗീകരിച്ച് പാകിസ്ഥാൻ 'ഒപ്പം നിന്നതുകൊണ്ട്' അവർക്ക് താരിഫ് കുറച്ചെന്നും അദ്ദേഹം പറഞ്ഞു.

'റഷ്യൻ എണ്ണ പ്രശ്നമായിരുന്നില്ല. വൈറ്റ് ഹൗസിലെ ഒരു വ്യക്തിത്വമായിരുന്നു പ്രധാന പ്രശ്നമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്ത്യയും പാകിസ്താനും തമ്മിലുള്ള സംഘർഷം അവസാനിപ്പിച്ചതിന് ട്രംപ് ക്രെഡിറ്റ് നേടിയതിന് ശേഷം ഇന്ത്യ നടത്തിയ ചില പരാമർശങ്ങൾ കാരണമായി. പാകിസ്താൻ ഇത് ശരിയായി ഉപയോഗിച്ചു. ട്രംപ് കാരണമാണ് ഇതെല്ലാം സംഭവിച്ചതെന്ന് അവർ പറഞ്ഞു.' രഘുറാം രാജൻ പറഞ്ഞു.

ട്രംപിന്റെ സാന്നിധ്യമില്ലാതെ തന്നെ ഇരു രാജ്യങ്ങളും തമ്മിൽ ഒരു കരാറിലെത്തിയിരുന്നതായി ഇന്ത്യ വാദിക്കാൻ ശ്രമിച്ചു. ഒരുപക്ഷേ സത്യം ഇതിനിടയിലായിരിക്കാം. എന്നാൽ, ഇന്ത്യക്ക് 50 ശതമാനം താരിഫും പാകിസ്താന് 19 ശതമാനവും ലഭിച്ചുവെന്നതാണ് ഫലമെന്നും രഘുറാം രാജൻ പറഞ്ഞു.

ഇന്ത്യയും പാകിസ്താനും തമ്മിലുള്ള വെടിനിർത്തലിന് കാരണം താനാണെന്ന് ട്രംപ് ആവർത്തിച്ച് അവകാശപ്പെട്ടിരുന്നു. തന്റെ ഇടപെടലാണ് യുദ്ധം അവസാനിപ്പിച്ചതെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. പാകിസ്താൻ ഇത് അംഗീകരിച്ചിണ്ടെങ്കിലും ഇന്ത്യ ഈ അവകാശവാദത്തെ പലപ്പോഴായി തള്ളിയിരുന്നു.

പാകിസ്താൻ സൈനിക ഡയറക്ടർ ജനറൽ ഓഫ് മിലിട്ടറി ഓപ്പറേഷൻസ് ഇന്ത്യൻ പ്രതിനിധിയെ നേരിട്ടുള്ള ചർച്ചകൾക്ക് സമീപിച്ചതിനെത്തുടർന്നാണ് വെടിനിർത്തൽ ധാരണയിലെത്തിയതെന്നായിരുന്നു ഇന്ത്യയുടെ വാദം. ഇതിന് പിന്നാലെ ഇന്ത്യയും യുഎസും തമ്മിലുള്ള ബന്ധം വഷളായിരുന്നു. യുക്രൈനുമായി യുദ്ധത്തിലേർപ്പെട്ട റഷ്യയിൽനിന്ന് എണ്ണ വാങ്ങുന്നെന്ന് ചൂണ്ടിക്കാട്ടിയാണ് ട്രംപ് ഇന്ത്യക്കുമേൽ അധിക ചുങ്കം ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ, അധിക ചുങ്കം ഏർപ്പെടുത്തിയതിന്റെ യഥാർത്ഥ കാരണം റഷ്യൻ എണ്ണയല്ലെന്നാണ് രഘുറാം രാജൻ പറയുന്നത്.

വാർത്താച്ചുരുക്കം

* സാന്റോസ് ഫുട്ബോൾ അസോസിയേഷൻ പറവട്ടാനിയുടെ അഖില കേരള ഇലവൻസ് ഫുഡ്ബോൾ ബേബി ലീഗ് ടൂർണ്ണമെന്റ് തുടങ്ങി. ജനുവരി4ന് സമാപിക്കും.
* ആഗോള ജൈവ വൈവിധ്യം - വിഷയത്തിൽ തൃശൂർ സമത ക്വിസ് മത്സരം നടത്തുന്നു. 20ന് പീച്ചി കെ.എഫ് ആർ.ഐ.യിൽ ആണ് ക്വിസ്. കോളേജ് വിദ്യാർത്ഥികൾക്കാണ് പ്രവേശനം. ഒന്ന്, രണ്ട്, മൂന്ന് സ്ഥാന ടീമുകൾക്ക് ക്യാഷ് അവാർഡുകൾ സമ്മാനിക്കും.
* തുഞ്ചത്തെഴുത്തച്ഛൻ സമാധി ദിനാചരണം,- ജനുവരി 9ന് പാലക്കാട് ചിറ്റൂർ സമാധി മണ്ഡപത്തിൽ നടക്കും. സമാധി സ്മാരക ഫൗണ്ടേഷന്റെ നേതൃത്വത്തിലാണ് പരിപാടികളെന്ന് ജനറൽ സെക്രട്ടറി കെ.എ.ഗോവിന്ദൻ അറിയിച്ചു.
* തൃശൂർ ചെമ്പൂക്കാവ് പഴയ മൃഗശാലാ വളപ്പിലെ പച്ചതുരുത്ത് പൂർണ്ണ ഹരിത ഭൂമിയായി നിലനിർത്താൻ പ്രവർത്തിക്കുമെന്ന്, കോർപ്പറേഷൻ തിരഞ്ഞെടുപ്പിലെ സ്ഥാനാർഥികൾ പരിസ്ഥിതി പ്രവർത്തകർ ഉൾപ്പെടെ പൗരാവലിക്ക് ഉറപ്പു നൽകി.നിശ്ചിതഭൂമിയിൽതൃശൂരിന്റെ ബോട്ടാണിക്കൽ ഗാർഡൻ രൂപപ്പെടുത്തും.
* പച്ചതുരുത്തു പഠന കൂട്ടായ്മ ഒരുക്കിയ ജനകീയ സംവാദത്തിലായിരുന്നു സ്ഥാനാർത്ഥികൾ ഉൾപ്പെടെ പച്ചതുരുത്ത് സംരക്ഷണാവശ്യം ഉയർത്തിയത്.പബ്ലിക് ലൈബ്രറി ഹാളിലെ സംവാദത്തിൽ, പരിസ്ഥിതി സംഘടനകൾ, സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകർ പങ്കെടുത്തു.

  മൃഗശാല: പച്ചതുരുത്ത് സംരക്ഷിക്കും
* സ്ഥാനാർഥികളായ അഡ്വ. ജോയി ബാസ്റ്റ്യൻ ചാക്കോള, ജ്യോതിഷ് എ.പി അഡ്വ: ഡെൽസൺഡേ വിസ്, പെല്ലിശ്ശേരി, കെ. മഹേഷ് സംസാരിച്ചു. ഡോ: പി.വി.കൃഷ്ണൻ നായർ,ഡോ: കെ. വിദ്യാസാഗർ, സി.എ. റോബിൻ, വൈ. അച്ചുത പ്രസാദ്, പ്രൊഫസർമാരായ കുസുമം ജോസഫ്, ജോൺ സിറിയക് - വിഷയാവതരണം നടത്തി

കീഴ്ത്യക്കോവിൽ ശ്രീകൃഷ്ണ ക്ഷേത്രം നടപ്പുര സമർപ്പണം

അവിട്ടത്തൂർ: കീഴ്ത്യ കോവിൽ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ദുർഗ്ഗാ ഭഗവതിക്ക് പണിതീർത്ത നടപ്പുരയുടെ സമർപ്പണം മുഞ്ചിറ മഠം മൂപ്പിൽ സ്വാമിയാർ പൂജ്യ നാരായണ ബ്രഹ്മാനന്ദതീർത്ഥ നിർവ്വഹിച്ചു.

തുടർന്ന് ദീപം തെളിയിക്കൽ, ലളിതാ സഹസ്രനാമജപം, ഭജന, പ്രസാദ വിതരണം എന്നിവ നടന്നു.

365 വാര്യങ്ങളിൽ ഗൃഹസന്ദർശനം നടത്തി വാര്യർ സമാജം

ഗുരുവായൂർ: സമസ്ത കേരള വാര്യർ സമാജം കേരളത്തിലെ 76 യൂനിറ്റുകളിലായി സംസ്ഥാന -മേഖല -ജില്ല - യൂണിറ്റ് സാരഥികൾ ചേർന്ന് ഗൃഹസന്ദർശനം നടത്തി . ജില്ലകളിൽ സംസ്ഥാന പ്രസിഡന്റ് പി.കെ. മോഹൻ ദാസ് , ജനറൽ സെക്രട്ടറി വി.വി .മുരളിധരവാര്യർ, ട്രഷറർ വി. വേണുഗോപാല വാര്യർ , മേഖല - ജില്ല - യൂണിറ്റ് ഭാരവാഹികൾ ചേർന്നായിരുന്നു ഗൃഹസന്ദർശനം - ഇന്ന് പരസ്പരം മുഖം നോക്കി സംസാരിക്കാനും കേൾക്കാനും ആളുകൾക്ക് സമയം ഇല്ലാത്ത കാലത്ത് സമാജത്തെ ഉണർത്താനുള്ള യാത്രയായിരുന്നു ഗൃഹസന്ദർശനം ഒപ്പം പ്രയാസം അനുഭവിക്കുന്നവരെ കാണുക, കേരളത്തിൽ വിവിധ ദേവസ്വം ബോർഡിൽ കഴകം ചെയ്യുന്ന വാര്യർ കുടുംബങ്ങളെ കണ്ടു കഴകക്കാർക്ക് ഉള്ള പരാതിയും പരിഭവങ്ങളും കേൾക്കുക എന്നീ ഉദ്ദേശങ്ങളാണ്.

ഒരു കുടുംബം ചേർന്നു വേണം കഴകം നടത്തുവാൻ അങ്ങിനെ കഴകം ചെയ്തിട്ടും ഒരു വർഷമായി ശമ്പളം കിട്ടാതെ ബുദ്ധിമുട്ടുന്ന കഴകക്കാർ, പുലവാലായ്മ കാലത്ത് പകരക്കാരന് സ്വന്തം കൈയിൽ നിന്നും പൈസ കോടുക്കേണ്ടി വരുന്ന അവസ്ഥ ക്ഷേത്രാവശ്യത്തിന് പുഷ്പങ്ങൾ വില കൊടുത്തു വാങ്ങേണ്ടുന്ന സാഹചര്യം പാരമ്പര്യ കഴകക്കാർക്ക് നിയമനം നല്കാത്ത അവസ്ഥ മറുവശത്ത് കാർഷിക രംഗത്ത് പ്രയാസം അനുഭവിക്കുന്നവർ ഒരു വശത്ത് സമത്വ കേരളം സുന്ദര കേരളം എന്നു പറയുന്നുവെങ്കിലും ക്ഷേത്ര കഴക്കാരോടുള്ള അവഗണ തിരുന്നില്ല ഇത്തരം കാര്യങ്ങൾ നേരിട്ട് കാണുവാൻ സാധിച്ചു എന്ന് സംസ്ഥാന ജനറൽ സെക്രട്ടറി വി.വി .മുരളിധര വാര്യർ പറഞ്ഞു.

ഗുരുവായൂർ നഗരസഭയിലെ വാർഡ് 17ലെ ബൂത്തിൽ 1631 വോട്ടർമാർ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 14, 2-ാം ബൂത്തിൽ 105വോട്ടർ

തൃശൂർ: തദ്ദേശ തിരഞ്ഞെടുപ്പ്; ജില്ലയിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ള പോളിംഗ് ബൂത്ത് ഗുരുവായൂർ നഗരസഭയിൽ ഏറ്റവും കുറവ് വോട്ടർമാർ അതിരപ്പിള്ളിയിൽ

ജില്ലയിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ള പോളിംഗ് ബൂത്ത് ഗുരുവായൂർ നഗരസഭയിൽ. ഗുരുവായൂർ നഗരസഭയിലെ വാർഡ് 17 ലെ ബൂത്തിൽ 1631 വോട്ടർമാരാണുള്ളത്.

ജില്ലയിൽ ഏറ്റവും കുറവ് വോട്ടർമാരുള്ള പോളിംഗ് ബൂത്ത് അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലാണ്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 14-ലെ രണ്ടാം ബൂത്തിൽ 105 വോട്ടർമാരാണുള്ളത്.

ചിത്രപ്രിയയെ പിന്നിലിരുത്തി പോവുന്ന അലന്റെ സിസിടിവി ദൃശ്യങ്ങൾ വഴിത്തിരിവായി; കുറ്റം സമ്മതിച്ചു

കാലടി: എറണാകുളം മലയാറ്റൂരിൽ മുണ്ടങ്ങമറ്റത്ത് ചിത്രപ്രിയയുടെ മരണവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ നിർണായകമായത് സിസിടിവി ദൃശ്യങ്ങൾ. ചിത്രപ്രിയയെ കൊലപ്പെടുത്തുകയായിരുന്നുവെന്ന് സുഹൃത്ത് അലൻ സമ്മതിച്ചതായാണ് പോലീസ് പറയുന്നത്. മദ്യലഹരിയിൽ കുറ്റകൃത്യം ചെയ്തുവെന്നാണ് പ്രതിയുടെ വെളിപ്പെടുത്തൽ. ചിത്രപ്രിയയുമായി വഴക്കുണ്ടായപ്പോൾ കല്ല് ഉപയോഗിച്ച് തലയ്ക്ക് അടിച്ചതാണെന്ന് അലൻ പറഞ്ഞു.

ബെംഗളൂരുവിൽ ഏവിയേഷൻ ബിരുദ വിദ്യാർഥിയായ ചിത്രപ്രിയയെ ശനിയാഴ്ചയാണ് കാണാതായത്. അടുത്തുള്ള കടയിൽ പോകുന്നുവെന്ന് പറഞ്ഞ് വീട്ടിൽ നിന്നിറങ്ങിയ പെൺകുട്ടി പിന്നീട് തിരിച്ചുവന്നില്ല. ഇതോടെ മാതാപിതാക്കൾ പൊലീസിൽ പരാതി നൽകുകയായിരുന്നു. കേസെടുത്ത കാലടി പൊലീസ് അന്വേഷണം നടത്തിവരവെയാണ് കഴിഞ്ഞ ദിവസം മലയാറ്റൂരിനടുത്തുള്ള ഒഴിഞ്ഞ പറമ്പിൽനിന്നു പെൺകുട്ടിയുടെ മൃതദേഹം കണ്ടെത്തുന്നത്.

അലനൊപ്പം ചിത്രപ്രിയ ബൈക്കിൽ പോകുന്ന ദൃശ്യങ്ങൾ പോലീസിന് ലഭിച്ചതാണ് അന്വേഷണത്തിൽ വഴിത്തിരിവായത്. ഞായറാഴ്ച പുലർച്ചെ 1.53-നുള്ള ദൃശ്യങ്ങളാണ് ഇത്. മറ്റൊരാൾ ബൈക്കിൽ മുന്നിൽ പോകുന്നതും വീഡിയോയിലുണ്ട്. ചിത്രപ്രിയക്കൊപ്പമുണ്ടായിരുന്നത് അലനാണെന്ന് തിരിച്ചറിഞ്ഞ പോലീസ് ഇയാളെ വിളിച്ചു വരുത്തി ചോദ്യം ചെയ്തു. ചിത്രപ്രിയയെ ബൈക്കിൽ പ്രദേശത്ത് കൊണ്ടുവിട്ടുവെന്നായിരുന്നു തുടക്കത്തിൽ അലൻ പറഞ്ഞിരുന്നത്. തുടർന്ന് വിട്ടയച്ചു. പിന്നീട് മൃതദേഹം കണ്ടെത്തിയതോടെ അലനെ വീണ്ടും വിളിപ്പിക്കുകയായിരുന്നു. എന്നാൽ ഒന്നും വിട്ടുപറയുന്നുണ്ടായിരുന്നില്ല. തുടർന്നുള്ള ചോദ്യം ചെയ്യലിലാണ് കുറ്റം സമ്മതിച്ചത്. നിലവിൽ അലൻ പോലീസ് കസ്റ്റഡിയിലാണ്.

ചിത്രപ്രിയയെ കല്ലുകൊണ്ട് തലയ്ക്കടിച്ചാണ് കൊലപ്പെടുത്തിയതെന്നാണ് പ്രാഥമിക നിഗമനം. മൃതദേഹത്തിന് സമീപത്തുനിന്ന് കണ്ടെത്തിയ കല്ലുകളിൽ രക്തം പടർന്നിരുന്നു. കൂടാതെ തലയ്ക്കു പിന്നിൽ ആഴത്തിൽ മുറിവേറ്റിട്ടുണ്ടെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തി. പോസ്റ്റ്മോർട്ടം റിപ്പോർട്ടിനും വിശദമായ ചോദ്യം ചെയ്യലിനും ശേഷം അറസ്റ്റ് ഉൾപ്പെടെയുള്ള തുടർനടപടികൾ ഉണ്ടാകും. കളമശ്ശേരി മെഡിക്കൽ കോളേജിലാണ് പോസ്റ്റ്മോർട്ടം നടക്കുന്നത്. മരണകാരണം ശാസ്ത്രീയമായി ഉറപ്പിച്ച ശേഷം സമഗ്രാന്വേഷണം നടത്തുമെന്ന് പൊലീസ് പറഞ്ഞു.

കാറ്റിസം യൂണിറ്റ് വിശ്വാസ പരിശീലന വാർഷിക ദിനാഘോഷം തൃശൂർ അതിരൂപത കുടുംബ കൂട്ടായ്മ

കോടന്നൂർ: കാറ്റിസം യൂണിറ്റ് വിശ്വാസ പരിശീലന വാർഷിക ദിനാഘോഷം തൃശൂർ അതിരൂപത കുടുംബ കൂട്ടായ്മ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. ആന്റണി ആലുക്ക അദ്ധ്യക്ഷത വഹിച്ചു. 15 വർഷത്തെ അതിരൂപത സർവീസ് അവാർഡിന് അർഹയായ അനിത ജോഷി ടീച്ചർ, ജിബിൻ ജെയിംസ് മാസ്റ്റർ എന്നിവരെയും ചടങ്ങിൽ ആദരിച്ചു. കുട്ടികളും അധ്യാപകരും ചേർന്ന് തയ്യാറാക്കിയ സമ്പൂർണ മലയാളം ബൈബിൾ കയ്യെഴുത്തു പ്രതിയും XII ക്ലാസ്സ് തയ്യാറാക്കിയ മാഗസിനും ചടങ്ങിൽ വെച്ച് പ്രകാശനം ചെയ്തു.. ആശംസകൾ അർപ്പിച്ചു കൊണ്ട് ആരാധന മഠം മദർ സുപ്പീരിയർ റവ. സിസ്റ്റർ